LIBRARY ARCHIVES Kerala Legislative Assembly

കേരള നിയമസഭാ നടപടികൾ

പന്ത്രണ്ടാം കേരള നിയമസഭ

പതിനഞ്ചാം സമ്മേളനം

2010 ജൂലൈ 16, വെള്ളി

വാല്യം 143] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 15

നിയമസഭ 2010 ജൂലൈ മാസം 16-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. കെ. രാധാകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാഹാളിൽ യോഗം ചേർന്നു.

I. ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ :

മി. സ്പീക്കർ : ഓർഡർ.... ഓർഡർ..... ചോദ്യം നമ്പർ *391.

മൂന്നാറിൽ ടാറ്റായുടെ കൈവശമുള്ള വനഭൂമി

1 (*391) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. കെ. ബാബു :
ശ്രീ. പി. സി. വിഷ്ണുനാഥ് :
ശ്രീ. എ. പി. അനിൽകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് റവന്യൂ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) മൂന്നാറിൽ ടാറ്റായുടെ കൈവശമുള്ള വനഭൂമി സംബന്ധിച്ച അന്വേഷണം നടത്തുന്നതിന് സുപ്രീംകോടതി നിയോഗിച്ച ഉന്നതാധികാര സമിതി സംസ്ഥാന സർക്കാർ പ്രതിനിധികളുമായി ചർച്ച നടത്തിയിരുന്നുവോ ;

(ബി) ടാറ്റായുടെ കൈവശമുള്ള വനഭൂമി കണ്ടെത്തി അളന്ന് തിരിച്ച് ജണ്ട (അതിർത്തി കല്ല്) കെട്ടണമെന്ന് ഈ സമിതി ശുപാർശ ചെയ്തിട്ടുണ്ടോ ;

(സി) 1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം കെ.ഡി.എച്ച്. പ്ലാന്റേഷന്റെ കൈവശം എത്ര വനഭൂമിയുണ്ട് എന്നാണ് സംസ്ഥാന സർക്കാർ കണക്കാക്കിയിരുന്നതെന്ന് വ്യക്തമാക്കുമോ ;

(ഡി) ഇത് സംബന്ധിച്ച എന്തൊക്കെ രേഖകളാണ് സർക്കാരിന്റെ പക്കൽ ഉള്ളത് എന്ന് വെളിപ്പെടുത്തുമോ ;

(ഇ) പ്രസ്തുത വനഭൂമി അളന്ന് തിരിക്കാൻ സർക്കാർ എന്ത് നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ ?

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. കെ. പി. രാജേന്ദ്രൻ) : സർ,

(എ) മൂന്നാറിൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച ടീം സന്ദർശനം നടത്തിയിരുന്നു. മൂന്നാറിൽ 1980-ലെ കേന്ദ്ര വനസംരക്ഷണ നിയമത്തിന്റെ ലംഘനം നടന്നിട്ടുണ്ടോ എന്ന് പരിശോധിക്കുവാൻ ഉള്ളതായിരുന്നു പ്രസ്തുത കമ്മിറ്റിയുടെ ദൗത്യം. ഈ സമിതി ഇടുക്കി ജില്ലാ കളക്ടറുമായി ഇടുക്കിയിൽ വച്ചും ആഭ്യന്തര വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, റവന്യൂ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി, വനം വകുപ്പ് സെക്രട്ടറി എന്നിവരുമായി തിരുവനന്തപുരത്തുവച്ചും ചർച്ച നടത്തിയിരുന്നു. സുപ്രീം കോടതി നിയമിച്ച സെൻട്രൽ എംപവേഡ് കമ്മിറ്റി അംഗങ്ങളുള്ള ഒരു ടീം വയനാട്, പാലക്കാട് ജില്ലകൾ സന്ദർശിച്ചിരുന്നു. കേരള പട്ടികവർഗ്ഗ ഭൂമി കൈമാറ്റ (നിയന്ത്രണവും പുനരവകാശ സ്ഥാപനവും) ആക്ട് സംബന്ധിച്ച് പഠിക്കുന്നതിനാണ് പ്രസ്തുത ടീം ഈ ജില്ലകൾ സന്ദർശിച്ചത്.

(ബി) കെഡിഎച്ച്പി കമ്പനി അവരുടെ കൈവശമുള്ള സ്ഥലത്തിന്റെ അളവ്, ഉപയോഗം എന്നിവ സംബന്ധിച്ച് വിവരങ്ങൾ ഉൾക്കൊള്ളിച്ച് വിശദമായ ഒരു മാനേജുമെന്റ് പ്ലാൻ തയ്യാറാക്കി കേന്ദ്ര സർക്കാരിന്റെ അംഗീകാരം വാങ്ങണമെന്ന് കേന്ദ്ര പരിസ്ഥിതി മന്ത്രാലയം നിയോഗിച്ച സംഘം ശുപാർശ ചെയ്തിട്ടുണ്ട്.

(സി-ഇ) 1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം കെ.ഡി.എച്ച്. പ്ലാന്റേഷന്റെ കൈവശം ആകെ 57,192,65.580 ഏക്കർ ഭൂമി ഉണ്ടെന്നാണ് കണക്കാക്കിയിരിക്കുന്നത്. ഇതിൽ 23,239.06 ഏക്കർ തേയില കൃഷിക്കും 16,898.91 ഏക്കർ വിറക് ആവശ്യത്തിനുള്ള പ്രദേശമായും 1,220.77 ഏക്കർ മേച്ചിൽ പ്രദേശമായും 2,617.69 ഏക്കർ കെട്ടിടങ്ങൾ, റോഡുകൾ മുതലായവ ഉൾപ്പെടുന്ന പ്രദേശമായും 2465.20 ഏക്കർ അരുവികളുടെ ചതുപ്പ് ചേർന്ന പ്രദേശമായും 6,393.59 ഏക്കർ കൃഷിയോഗ്യമല്ലാത്ത പ്രദേശമായും 4,523.92 ഏക്കർ തോട്ടങ്ങളുടെയിടയിൽ കിടക്കുന്ന കൃഷിയില്ലാത്ത പ്രദേശമായും ലാന്റ് ബോർഡ് തിട്ടപ്പെടുത്തിയിരുന്നു. കെ.ഡി.എച്ച്. വില്ലേജിലെ ഭൂമി സർവ്വേ പൂർത്തിയാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുകയാണ്.

ശ്രീ. വി. ഡി. സതീശൻ : സർ, മൂന്നാറിൽ ടാറ്റാ 50,000 ഏക്കർ ഭൂമി കയ്യേറിയെന്ന് മുഖ്യമന്ത്രിയും 3,000-ലധികം ഏക്കർ വനഭൂമി ടാറ്റാ കയ്യേറിയിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട വനം വകുപ്പുമന്ത്രിയും പല പ്രാവശ്യമായി പറഞ്ഞിരുന്നു. ഇപ്പോൾ ഈ സർക്കാരിന്റെ നിലപാട് എന്താണ് ; ടാറ്റാ എത്രയായിരം ഏക്കർ ഭൂമി മൂന്നാറിൽ കയ്യേറിയിട്ടുണ്ടെന്നാണ് സർക്കാരിന്റെ കണക്ക് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 1971-ലെ ആക്ട് അനുസരിച്ചാണ് ഗവൺമെന്റ് ഭൂമി ഏറ്റെടുക്കുന്നത്. അതിനെത്തുടർന്ന് ഈ ഭൂമിയെ സംബന്ധിച്ച് വിവിധ തലങ്ങളിൽ ഗവൺമെന്റ് ഉത്തരവുകൾ ഇറങ്ങി. ഡോ. ദേവസ്സ്യാ കമ്മീഷൻ

LIBRARY ARCHIVES Kerala Legislative Assembly

വന്നു. സുപ്രീം കോടതി കേസ്സുകളെല്ലാം കഴിഞ്ഞ് 1988-ലാണ് അവസാനം വന്ന ഉത്തരവ്. അതിൽ പറയുന്ന പ്രകാരം 43,242.55 ഏക്കർ വനമായി നിർത്താനും അഫോർസ്റ്റേഷനുവേണ്ടി 17,922 ഏക്കർ, അസൈൻമെന്റിന് 5,189 ഏക്കർ, ഡയറി ഡെലവപ്മെന്റിന് 3,824.85 ഏക്കർ, ഹൗസിംഗ് 272.21 ഏക്കർ, എന്നിങ്ങനെ ടോട്ടൽ 70,450.61 ഏക്കർ ഗവൺമെന്റിനും തോട്ടം കൃഷി ചെയ്യുന്നതിനായി വിജ്ഞാപന പ്രകാരം അവർക്ക് നൽകിയ ഭൂമി ഉൾപ്പെടെ വച്ചുകൊണ്ട് വിശദമായ സർവ്വേ നടത്തി ഇതിൽ എത്ര കെഡിഎച്ച് വില്ലേജിൽപ്പെട്ട ഭൂമി 57,192.65 ഏക്കർ അവരുടെ കയ്യിലുള്ളത് ഉൾപ്പെടെ പൂർണ്ണമായി സർവ്വേ ചെയ്യണമെന്ന് ലാന്റ് ബോർഡ് അവാർഡിലുണ്ട്. അഷ്വറൻസ് കമ്മിറ്റി നടത്തിയ വിശദമായ ചർച്ചകളുടേയും പഠനത്തെയും തുടർന്ന് റിപ്പോർട്ട് ഇവിടെ വച്ചതിലാണ് കൂടുതൽ ഭൂമി ടാറ്റയുടെ കൈവശമുള്ളതിനെ സംബന്ധിച്ച് റിപ്പോർട്ട് വന്നത്. അത് അളന്ന് തിരിച്ച് പൂർത്തിയാക്കി ഇതിന്റെ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുമ്പോൾ എത്രയേക്കർ ഭൂമി കൂടുതലുണ്ടെന്ന് നിയമപരമായിട്ടുണ്ടെങ്കിൽ, കൂടുതലുള്ള ഭൂമി എത്രയാണെങ്കിലും അത് പൂർണ്ണമായും തിരിച്ച് ഗവൺമെന്റിൽ നിക്ഷിപ്തമാക്കണം. അത് ഗവൺമെന്റിന്റെ ഉത്തരവാദിത്വമാണ്. അത് നിയമപരമായി സ്വീകരിക്കേണ്ട നടപടിക്രമങ്ങളാണ്. അതിനുള്ള സർവ്വേ നടപടികളാണ് ഇപ്പോൾ ഏകദേശം പൂർത്തിയായി വന്നുകൊണ്ടിരിക്കുന്നത്.

ശ്രീ. വി. ഡി. സതീശൻ : സർ, ബഹുമാനപ്പെട്ട മന്ത്രി വളരെ അവ്യക്തമായിട്ടാണ് ഉത്തരം പറഞ്ഞത്. അങ്ങ് തന്നെ പറഞ്ഞു, ലാന്റ് ബോർഡിന്റെ ഉത്തരവ് പ്രകാരം 1,24,000 ഏക്കറാണ് അവിടെ. അതിൽ 57,000-ൽ ചിലാനം ഏക്കർ ടാറ്റയ്ക്ക് കൊടുത്തു. ബാക്കി സർക്കാരിന്റെ കൈവശമുള്ളത് 70,000-ൽ ചിലാനം ഏക്കറാണ്. അതിൽ മാങ്കുളം റിസർവ്വിനുള്ള, 23,000 ഏക്കർ, ഇരവികുളം നാഷണൽ പാർക്കിനുള്ള 22,000 ഏക്കർ, അസൈൻമെന്റ് കൊടുത്ത 5,000 ഏക്കർ, പബ്ലിക് പർപ്പസിനുള്ള 3,000 ഏക്കർ ഉൾപ്പെടെ 53,000 ഏക്കറായി. ബാക്കിയുള്ളത് 17,922 ഏക്കറാണ് കൈവശം അഫോറസ്റ്റേഷനു വേണ്ടിയുള്ളത്. ആ ഭൂമിയിൽ ഒരു കയ്യേറ്റം പോലും നടന്നിട്ടില്ല എന്നാണ് ബഹുമാനപ്പെട്ട വനംമന്ത്രി അസന്നിഗ്ദ്ധമായി കഴിഞ്ഞ ദിവസം നിയമസഭയിൽ പറഞ്ഞത്. അപ്പോൾ തന്നെ 70,000-ൽ ചിലാനം ഏക്കറായി. പിന്നെ ഏത് ഭൂമിയിൽ എവിടെയാണ് ടാറ്റ കയ്യേറിയത് എന്നാണ് സർക്കാർ വിശ്വസിക്കുന്നത് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നിയമസഭയുടെ അഷ്വറൻസ് കമ്മിറ്റി റിപ്പോർട്ടിനെത്തുടർന്നാണ് ഗവൺമെന്റ് അതിന്റെ വിശദമായ പരിശോധനകൾ കൂടുതൽ ശക്തമാക്കിയത്. 1974-ലെ ലാന്റ് ബോർഡ് അവാർഡ് വന്ന് 36 വർഷമായി സർവ്വേ പൂർത്തിയാക്കി അത് നോട്ടിഫൈ ചെയ്യേണ്ട ചുമതല നിർവ്വഹിക്കപ്പെട്ടില്ല. ഇപ്പോൾ അത് പൂർത്തിയാക്കി വരുന്നു. ഈ സന്ദർഭത്തിൽ എത്ര ഏക്കർ ഭൂമി ടാറ്റയുടെ കയ്യിൽ അധികമുണ്ടെങ്കിലും ആ ഭൂമി ഏറ്റെടുക്കുമെന്നാണ് ഞാൻ പറഞ്ഞത്. അതിൽ ഒരു അവ്യക്തതയുടെ പ്രശ്നമില്ല. അത് വ്യക്തതയുള്ള ഉത്തരമാണ്. പിന്നെ ഗവൺമെന്റ് വനമായി നോട്ടിഫൈ ചെയ്യേണ്ട ഭൂമി പൂർണ്ണമായും റിസർവ് വനമായി നോട്ടിഫൈ ചെയ്യാനും ഗവൺമെന്റ് തീരുമാനമെടുത്തിട്ടുണ്ട്. അത് കഴിഞ്ഞദിവസം ഇവിടെ പ്രസ്താവിച്ചതാണ്.

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ബാബു : സർ, ടാറ്റായുടെ കൈവശമുള്ള 50,000 ഏക്കർ ഭൂമി പിടിച്ചെടുക്കുമെന്നുള്ള പ്രഖ്യാപനങ്ങൾ കേട്ട് കേരളത്തിലെ ജനങ്ങൾ കോരിത്തരിച്ചതാണ്. പക്ഷേ ഈ ഗവൺമെന്റിന്റെ കാലാവധി അവസാനിക്കാൻ പോകുമ്പോഴും ആ കാര്യത്തിന് ഒരു വ്യക്തത ഉണ്ടായില്ല എന്നുള്ളത് അങ്ങേയറ്റം ആശങ്കയുളവാക്കുന്ന ഒരു കാര്യമാണ്. എന്റെ ചോദ്യം, മന്ത്രിസഭാ ഉപസമിതി ടാറ്റയുടെ കയ്യേറ്റം പരിശോധിക്കാൻ മൂന്നാറിൽപോയി. പക്ഷേ ഡാം മാത്രം കണ്ട് ഉപസമിതി മടങ്ങിപ്പോയതായാണ് കേൾക്കുന്നത്. മൂന്നാറിൽ 1-1-1977 കട്ട് ഓഫ് ഡേറ്റ് വച്ച് കൈവശക്കാർക്കും കൃഷിക്കാർക്കുമെല്ലാം പട്ടയം കൊടുക്കുകയും ബാക്കി വൻകിട കയ്യേറ്റങ്ങൾ ഒഴിപ്പിക്കുകയും ചെയ്യുകയാണ് ആവശ്യം. ചിന്നക്കനാൽ പ്രദേശത്താണ് ഏറ്റവും കൂടുതൽ കയ്യേറ്റങ്ങൾ നടന്നിട്ടുള്ളത്. അവിടെ സർവ്വേയർമാരെ ഒരു പ്രത്യേക പാർട്ടിയിൽപ്പെട്ടയാളുകൾ തടഞ്ഞു, ചില പാർട്ടിയിൽപ്പെട്ട ആളുകൾ സ്ഥലം അനധികൃതമായി കൈവശം വച്ചിട്ടുണ്ട്. ആദിവാസികൾക്ക് കൊടുക്കുന്നതിനുവേണ്ടിയുള്ള ചിന്നക്കനാലിലുള്ള ഭൂമി എച്ച്.എം.എൽ.-നുവേണ്ടി റിസർവ് ചെയ്തിരുന്ന സ്ഥലമാണ്. എന്നത്തേയ്ക്ക് ഇത് ഒഴിപ്പിച്ചെടുക്കാൻ സാധിക്കും ? ഹൈക്കോടതി വിധിയുടേയും സുപ്രീം കോടതി വിധിയുടേയും അടിസ്ഥാനത്തിൽ മൂന്നാർപോലുള്ള കയ്യേറ്റമാണ് അവിടെ നടന്നിട്ടുള്ളത്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രീ. കെ. ബാബു പതിനൊന്നോളം ചോദ്യം ചോദിച്ചു. എല്ലാംകൂടി ഒറ്റ ചോദ്യത്തിൽ ഉത്തരമാണെങ്കിൽ മൂന്നാറിൽ കെ.ഡി.എച്ച് വില്ലേജിൽ ഗവൺമെന്റിൽ നിക്ഷിപ്തമാക്കേണ്ട ഭൂമിയാണെങ്കിൽ ഗവൺമെന്റിൽ നിക്ഷിപ്തമാക്കും. തേയിലകൃഷിക്കുള്ളത് ടാറ്റായുടെ കൈവശത്തിലാണെങ്കിൽ അതും ഏറ്റെടുക്കും നടപടിക്രമങ്ങൾ പൂർത്തിയാക്കുന്നതിൽ വന്ന കാലതാമസമാണ് ഈ പ്രശ്നങ്ങൾക്കൊക്കെ ഇടവരുത്തിയത്. അതുകൊണ്ടാണ് ഗവൺമെന്റ് ഏറ്റവും നല്ല രീതിയിൽ ഈ സർവ്വേ നടപടികൾ പൂർത്തിയാക്കുവാൻ ശ്രമിക്കുന്നത്, അത് ഹൈക്കോടതി വിധിയുടെ കൂടി അടിസ്ഥാനത്തിലാണ്. നാഷണൽ റിമോട്ട് സെൻസിംഗ് ഏജൻസി (എൻ.ആർ.എസ്.എ.) എന്ന കേന്ദ്ര ഗവൺമെന്റ് സ്ഥാപനമാണ് ഏരിയൽ സർവ്വേ നടത്തിയത്. അവരുടെ ഏരിയ സർവ്വേ റിപ്പോർട്ടിന്റെയടിസ്ഥാനത്തിൽ ഫീൽഡ് സർവ്വേ നടത്തി. ഇപ്പോൾ ജിയോ സ്പേഷ്യൽ സർവ്വേ സാങ്കേതിക വിദ്യകൂടി ഉപയോഗപ്പെടുത്തി, അത് സംസ്ഥാന ശാസ്ത്ര സാങ്കേതിക വകുപ്പിന്റെ കീഴിലുള്ളതാണ്, സർവ്വേ നടപടികൾ പൂർത്തിയാക്കി നോട്ടിഫൈ ചെയ്യുകയാണ്. ഈ കയ്യേറ്റം ഒഴിപ്പിക്കുന്നതായാലും ഇനി കയ്യേറാതിരിക്കുന്നതിനായാലും നമ്മുടെ ഭൂമി സംരക്ഷിക്കുന്നതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. അതോടൊപ്പംതന്നെ വനമായി നോട്ടിഫൈ ചെയ്യേണ്ട ഭൂമി റിസർവ് വനമായി ഇത്രയും നീണ്ടുപോയി. ഇനി നീണ്ടു പോകാതെ അത് റിസർവ് വനമായി നമുക്ക് പ്രഖ്യാപിക്കണം.

ശ്രീ. പി. സി. വിഷ്ണുനാഥിനു വേണ്ടി ശ്രീ. വർക്കല കഹാർ : സർ, സർക്കാർ ടൂറിസത്തിനുവേണ്ടി സ്ഥലം ഏറ്റെടുക്കുമ്പോൾ വനഭൂമിയാണെങ്കിൽ സർവ്വേ പൂർത്തിയായില്ല എന്ന് പറയും. മൂന്നാറിലെ വനഭൂമി അളന്നു തിരിക്കാൻ സർക്കാർ നടപടി സ്വീകരിക്കുമ്പോൾ ഏത് സർവ്വേയുടെ

അടിസ്ഥാനത്തിലാണ് ഭൂമി അളക്കാൻ പോകുന്നത് ; അത് 1977-ലെ സർവ്വേയുടെ അടിസ്ഥാനത്തിലാണോ ; അതോ ഇനിയും പൂർത്തിയായിട്ടില്ലാത്ത സാറ്റലൈറ്റ് സർവ്വേയുടെ അടിസ്ഥാനത്തിലാണോ എന്ന് വ്യക്തമാക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ രണ്ട്, മൂന്ന് ചോദ്യത്തിന് ഇവിടെ മറുപടിയിൽ പറഞ്ഞതാണ്. ശ്രീ. വർക്കല കഹാർ വീണ്ടും അത് ഇവിടെ ആവർത്തിച്ചതുകൊണ്ട് ഒറ്റ വാക്കുകൊണ്ട് മറുപടി പറയാം. 1908-ലെ കഡാസ്ട്രൽ മാപ്പാണ് നമ്മൾ അടിസ്ഥാനപ്പെടുത്തിയത്. ഈ ഗവൺമെന്റ് വന്നതിനുശേഷം ഹൈക്കോടതി ഉത്തരവുംകൂടി വച്ചുകൊണ്ട് എൻ.ആർ. എസ്.എ.യുടെ സർവ്വേ നമ്മൾ നടത്തി. 18-6-2007-ൽ അവർ റിപ്പോർട്ട് തന്നു. അവരുടെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഏരിയ സർവ്വേ മാത്രം പോര, ഫീൽഡുതല സർവ്വേ കൂടി നടത്തണം. ഫീൽഡ് സർവ്വേ നടത്തി സംസ്ഥാന ഗവൺമെന്റിന്റെ സർവ്വേ അതിരടയാള നിയമമനുസരിച്ച് നോട്ടിഫൈ ചെയ്ത സമയത്ത് ടാറ്റ ഹൈക്കോടതിയിൽ നിന്ന് സ്റ്റേ വാങ്ങി. പിന്നീട് ആ സ്റ്റേയുള്ളപ്പോൾ തന്നെ കേസ് തുടർന്നു. സർവ്വേ മുന്നോട്ടുപോകാൻ കഴിയും എന്ന നിയമോപദേശത്തിന്റെ അടിസ്ഥാനത്തിൽ മുന്നോട്ടു പോയി. ഞാൻ നേരത്തെ പറഞ്ഞ ജിയോ സ്പേഷ്യൽ സർവ്വേ സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തി ഇപ്പോൾ നടക്കുന്ന ഫീൽഡ് സർവ്വേ പൂർത്തിയാക്കി സർവ്വേ അതിരടയാള സെക്ഷനുകൾ അനുസരിച്ച് നോട്ടിഫൈ ചെയ്യാൻ ഏറ്റവും ശരിയായ മാർഗ്ഗത്തിലൂടെ കേന്ദ്ര ഗവൺമെന്റിന്റെ സഹായവും എൻ.ആർ.എസ്.എ. ഉപയോഗപ്പെടുത്തിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന്റെ എല്ലാ സംവിധാനങ്ങളും ഉപയോഗപ്പെടുത്തി നടത്തുന്ന കൂറ്റമറ്റ സർവ്വേയാണ്. അത് ഏറ്റവും വേഗത്തിൽ പൂർത്തിയാക്കുക എന്നുള്ളതാണ് ഇതിലെ ഏറ്റവും മുഖ്യമായ കാര്യം.

ശ്രീ. എ. പി. അനിൽ കുമാർ : സർ, മൂന്നാറിലെ കയ്യേറ്റ ഭൂമി തിരിച്ചു പിടിക്കുക എന്നുള്ളത് ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യമായിരുന്നു. പക്ഷെ സർവ്വേപോലും പൂർത്തിയായിട്ടില്ല എന്ന് ഇപ്പോൾ അങ്ങയുടെ മറുപടിയിൽ നിന്നും ബോദ്ധ്യമായി. അങ്ങേയ്ക്കറിയാം വളരെ ആവേശത്തോടുകൂടി, ആരവത്തോടുകൂടി കേരളത്തിന്റെ മുഖ്യമന്ത്രി പള്ളിവാസൽ ഹെഡ് വർക്കിന് സമീപമുള്ള കയ്യേറ്റഭൂമി സന്ദർശിച്ച് അവിടെ ഭൂമി പിടിച്ചെടുത്തതായി ബോർഡ് വയ്ക്കുകയുണ്ടായി. നിർഭാഗ്യമെന്നുപറയട്ടെ തിരിച്ചുപിടിച്ച ഭൂമിയിൽ മുഖ്യമന്ത്രി വച്ച ബോർഡ് പൊളിച്ചുമാറ്റി ഷെഡ്ഡ് കെട്ടി, വീണ്ടും കയ്യേറ്റക്കാർ കുടിയേറിയിട്ടുപോലും ഒരു കേസുപോലും അവിടെ എടുത്തിട്ടില്ല എന്നുള്ളത് ഏറ്റവും നിർഭാഗ്യകരമായ സംഭവമാണ്. അപ്പോൾ ഗവൺമെന്റ് ഏറ്റെടുത്തു എന്നുപറയുന്ന ഭൂമിപോലും കയ്യേറ്റക്കാർക്ക് കടന്നുകയറുവാനുള്ള അവസരം സൃഷ്ടിക്കുന്ന സാഹചര്യമാണ് ഇന്ന് മൂന്നാറിലുള്ളത്. അതുകൊണ്ട് എത്രയും പെട്ടെന്ന് ഇത് സർവ്വേ പൂർത്തീകരിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ച കേസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ നടപടി എടുത്തുകൊണ്ട് കയ്യേറ്റക്കാർക്കെതിരെ നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ശ്രീ. അനിൽ കുമാർ പറഞ്ഞ കേസ് ചാർജ്ജ് ചെയ്തിട്ടുണ്ട്. ആ കേസിലെ പ്രതി ആരാണെന്നൊക്കെ ഒന്ന് അന്വേഷിക്കുന്നത് നല്ലതാണ്. അതുകൂടാതെ ഇപ്പോൾ നിരവധി കേസ്സുകൾ ഉണ്ട്. കേസ് വരും സ്വാഭാവികമല്ലേ ? കയ്യേറിയ ഭൂമി ഒഴിപ്പിച്ചെടുക്കുമ്പോൾ അത് കൈവശപ്പെടുത്തി അനുഭവിച്ചുവന്നിരുന്നവർ, കേസിനു പോകും. തീർച്ചയായും അവരുടെ കേസ്സുകളിൽ എല്ലാ നിയമ നടപടിക്രമങ്ങളും നോക്കുന്നുണ്ട് ഇപ്പോൾ 17 കേസ് ഹൈക്കോടതിയിൽ ഉണ്ട്. മൂന്ന് അപ്പീൽ പെറ്റീഷൻ കമ്മീഷണറേറ്റിൽ ഉണ്ട്. അതുകൂടാതെ പുതിയ ഭൂസംരക്ഷണ നിയമമനുസരിച്ച് ജയിൽശിക്ഷ ഉൾപ്പെടെ ചേർത്തുകൊണ്ട് കേസ് ചാർജ്ജ് ചെയ്തു. ഇപ്പോൾ ആ കേസ്സുകൾ മുന്നോട്ട് പോകുകയാണ്. ഈ കേസ്സുകൾ സമയബന്ധിതമായി പൂർത്തിയാക്കാനാണ് മൂന്നാറിൽ ഒരു ട്രിബ്യൂണൽ രൂപീകരിക്കാൻ തീരുമാനിച്ച് ഓർഡിനൻസ് ഇറക്കിയത് ഈ സഭ അത് ചർച്ചചെയ്ത് സബ്ജക്ട് കമ്മിറ്റിക്ക് വിട്ട് പാസ്സാക്കാൻ പോകുകയാണ്.

ശ്രീ. വി. ചെന്താമരാക്ഷൻ : സർ, ഭൂമി ഇടപാടുകളിൽ വൻതോതിൽ കൃത്രിമം മൂന്നാറിൽ നടന്നു എന്നത് ഒരു യാഥാർത്ഥ്യമാണ്. ഇതുസംബന്ധിച്ച് നിരവധി വിവരങ്ങൾ പുറത്തുവന്നുകൊണ്ടിരിക്കുകയാണ്. പട്ടയങ്ങൾ വിതരണം ചെയ്തതിൽ അയ്യാ പട്ടയം, അമ്മ പട്ടയം, രവീന്ദ്രൻ പട്ടയം, ശിവകാശി പട്ടയം, പാലാ പട്ടയം തുടങ്ങി നിരവധി പട്ടയങ്ങളുണ്ട്. ഇവിടെ ഭൂമി കൈകാര്യം ചെയ്യുന്നതുമായി ബന്ധപ്പെട്ട് ടാറ്റ തന്നെ പട്ടയം കൊടുത്തിട്ടുണ്ട്. പക്ഷെ അതുസംബന്ധിച്ച് ഒരു വിവരവും പുറത്തുവന്നിട്ടില്ല. ടാറ്റ പട്ടയം കൊടുത്തതിനെ സംബന്ധിച്ച് എന്താണ് പറയാനുള്ളത് ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, പട്ടയത്തിന് പല പല പേരുകളുണ്ട്. ഇതുകൂടാതെ ചില പേരുകളൊക്കെയുണ്ട്. അത് നല്ലതല്ലാത്ത, പറയാൻ പറ്റാത്ത ചില പേരുകളൊക്കെയുണ്ട്. ഒരുപാട് കള്ളപട്ടയങ്ങളുണ്ട്, അതിന് ഓരോ പേരുകൾ ഓരോ സമയത്ത് ഇടുന്നതാണ്. എന്നാൽ ഗവൺമെന്റ് ഭൂപരിഷ്ക്കരണ നിയമമനുസരിച്ചും, ആക്ടനുസരിച്ചും നടപടിക്രമം പാലിച്ച് കൊടുക്കുന്നതാണ് ശരിയായ പട്ടയം. ആ പട്ടയം വിതരണം ചെയ്യാനുള്ള നടപടിയാണ് സ്വീകരിച്ചുവരുന്നത്. കള്ള പട്ടയങ്ങൾ വളരെയേറെ റദ്ദാക്കുകയും തിരിച്ച് ഭൂമി ഗവൺമെന്റിലേയ്ക്ക് നിക്ഷിപ്തമാക്കുകയും ചെയ്തിട്ടുണ്ട്.

ശ്രീ. കെ. സി. ജോസഫ് : സർ, ശ്രീ. അനിൽകുമാറിന്റെ ചോദ്യത്തിന് പള്ളിവാസൽ ഹെഡ് വർക്കിന്റെ കൈവശമുള്ള കൈയേറ്റഭൂമി മുഖ്യമന്ത്രി സന്ദർശിച്ച് ബോർഡ് വച്ചു എന്നുപറഞ്ഞു. ആ ബോർഡ് വച്ച കേസിന്റെ കാര്യം പറഞ്ഞു. യഥാർത്ഥത്തിൽ ആ ഭൂമി ആരുടെ ഭൂമിയായിരുന്നു ; സർക്കാരിന്റെ ഭൂമിയാണോ, സ്വകാര്യ വ്യക്തിയുടെ ഭൂമിയാണോ എന്ന് വെളിപ്പെടുത്താമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, അവിടെയുള്ള എല്ലാ ഭൂമിയും സർക്കാരിന്റെ ഭൂമിയാണ്. അത് 1971-ലെ ആക്ട് അനുസരിച്ച് സായിപ്പിന്റേയുമൊക്കെ കയ്യിൽ നിന്നുള്ള ഭൂമി, കമ്പനിക്കാരുടെ കയ്യിൽ നിന്ന് ഏറ്റെടുത്ത ഭൂമി ലീസിന് അവർക്ക് തേയില കൃഷിചെയ്യാൻ കൊടുത്തതാണ്. അവിടെ

ഗവൺമെന്റിന്റെ ഭൂമി കയ്യേറി ഒരുപാട് ബോർഡുകൾ ടാറ്റ കമ്പനി സ്ഥാപിച്ചിരുന്നു. അതിൽ ടാറ്റ കയ്യടക്കി വച്ച ഭൂമി ചിലത് തിരിച്ചെടുക്കാനും ചില നടപടികൾ സ്വീകരിച്ചിട്ടുണ്ട്. മുഖ്യമന്ത്രി തന്നെ അന്ന് ബോർഡ് വച്ച സ്ഥലം ടാറ്റ കയ്യടക്കി വച്ചതായിരുന്നു. ആ ഭൂമി തിരിച്ചെടുക്കുന്നതിന്റെ ഭാഗമായി നടപടിയുമായി മുന്നോട്ടുപോകുന്ന സന്ദർഭത്തിലാണ് സംഘടിതമായി ചില മേഖലകളിൽ വീണ്ടും വീണ്ടും കയ്യേറ്റങ്ങൾ വന്നത്. ആ കയ്യേറ്റം ഒഴിപ്പിച്ച് അവരുടെ പേരിൽ കേസും ചാർജ്ജ് ചെയ്ത് നടപടികളുമായി മുന്നോട്ടുപോകുകയാണ്.

ശ്രീ. കെ. സി. ജോസഫ് : സർ, സർ, (.....ബഹളം.....)

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, (.....ബഹളം.....) കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ..... (.....ബഹളം.....)

മി. സ്പീക്കർ : അതിന് നടപടി സ്വീകരിക്കുന്നതാണ്. മന്ത്രി തെറ്റായ വിവരം തന്നിട്ടുണ്ടെങ്കിൽ അതിന് നടപടി വേറെയില്ലേ ? (.....ബഹളം.....) ക്വസ്റ്റ്യൻ അവറിൽ ബഹളം വച്ചുകഴിഞ്ഞാൽ ..... (.....ബഹളം.....)

ശ്രീമതി ഇ. എസ്. ബിജിമോൾ : സർ, കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ശ്രീ. കെ. എം. മാണി സാർ റവന്യൂ വകുപ്പുമന്ത്രിയായിരിക്കുന്ന കാലഘട്ടത്തിൽ ടാറ്റയ്ക്ക് ലീസിന് കൊടുത്ത ഭൂമിയുമായി ബന്ധപ്പെട്ട് മൂന്നാറിൽ എന്തെങ്കിലും സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടോ ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഇവിടെ ഒരു സർവ്വേയും ആ കാല ഘട്ടത്തിൽ നടത്തിയിട്ടില്ല. അതുകൊണ്ടാണ് യഥേഷ്ടമായി കയ്യേറിയതും ഇതുപോലുള്ള സംഭവങ്ങൾ ഉണ്ടായതും. ഇപ്പോൾ കഴിഞ്ഞ മൂന്നര വർഷമായി വളരെ ശക്തമായുള്ള നടപടികളും ഇടപെടലുകളും ഉണ്ട്. അതാണ് ഞാൻ നേരത്തെ വിശദീകരിച്ചത്.

ശ്രീ. ജി. കാർത്തികേയൻ : സർ, വളരെ ഖേദത്തോടെ പറയട്ടെ, ബഹുമാനപ്പെട്ട മന്ത്രിക്ക് വലിയ ഓർമ്മപ്പിശക് വന്നിരിക്കുന്നു. മുഖ്യമന്ത്രി മൂന്നാറിൽ പോയി കൊടി നാട്ടി ഇത് സർക്കാർ ഏറ്റെടുക്കുന്നു. തിരുവനന്തപുരത്ത് സെക്രട്ടേറിയറ്റിൽ നിന്നുകൊണ്ട് ആ കോമ്പൗണ്ട് സർക്കാർ ഭൂമിയാണ് എന്നു പറയുന്നതിനു തുല്യമായി അദ്ദേഹം അവിടെ കൊടി നാട്ടി. ഡേറ്റ് എനിക്ക് ഓർമ്മയില്ല. (.....ബഹളം.....) അന്ന് ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി സഭയുടെ മേശപ്പുറത്തുവച്ച രേഖയിൽ മുഖ്യമന്ത്രി അവിടെ പോയി കൊടിനാട്ടിയ സ്ഥലം സർക്കാർ വകയാണെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങേയ്ക്ക് ഓർമ്മപ്പിശകാണ്. അതുകൊണ്ട് സഭയെ തെറ്റിദ്ധരിപ്പിക്കരുത്. എന്നുമാത്രമല്ല, ആ വിഷയവുമായി ബന്ധപ്പെട്ട് അന്ന് മുഖ്യമന്ത്രി എടുത്ത നിലപാടിന് കടകവിരുദ്ധമായി പറഞ്ഞത് ഞങ്ങൾ ഇവിടെ അവതരിപ്പിച്ച് സഭ വിട്ട് പുറത്തുപോയി. ഇവിടെ ശ്രീ. ജോസഫ് എം. പുതുശ്ശേരിക്ക് മറുപടിയും കൊടുത്തു. ഇപ്പോൾ അദ്ദേഹം പറയുന്നു സർക്കാർ ഭൂമിയാണെന്ന്. 1974-ലെ ലാന്റ് ബോർഡ് അവാർഡ് പ്രകാരം അന്ന് ഗവൺമെന്റ് പറഞ്ഞത് 17922 ഏക്കർ ഏറ്റെടുക്കണമെന്നാണ്. ഇപ്പോൾ 17000 ഏക്കർ മാത്രമായി ചുരുങ്ങിയിരിക്കുന്നു. ബാക്കി

LIBRARY ARCHIVES Kerala Legislative Assembly

വരുന്ന 922 ഏക്കർ കയ്യേറി ആർക്കെങ്കിലും പോയോ ; അതോ ഗവൺമെന്റ് മറന്നതാണോ ; അതോ എവിടെയെങ്കിലും ഒളിപ്പിച്ചുവച്ചിരിക്കുന്നോ ; അത് റിവൈസ് ചെയ്തതാണോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, നോട്ടിഫിക്കേഷൻ വൈകി എന്ന ഒരു വസ്തുത ശ്രീ. കാർത്തികേയനും അംഗീകരിക്കുന്നതാണല്ലോ ; 1974 കഴിഞ്ഞ് 36 വർഷത്തോളമായി. അതുകഴിഞ്ഞ് 1988-ൽ അവസാനത്തെ ഗവൺമെന്റ് ഉത്തരവിറക്കിയിട്ട് 22 വർഷമായി. റിസർവ് വനമായി അത് പ്രഖ്യാപിക്കുന്നതിൽ വന്ന കാലതാമസം ഒരു വീഴ്ച തന്നെയാണ്. അതുകൊണ്ട് ഇപ്പോൾ അത് റിസർവ് വനമായി പ്രഖ്യാപിക്കാൻ നടപടി എടുത്തു. അതിനനുസരിച്ച് റിപ്പോർട്ട് തയ്യാറാക്കി. ആ റിപ്പോർട്ട് മന്ത്രിസഭ ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ റവന്യൂ അഡീഷണൽ ചീഫ് സെക്രട്ടറി, എൽ. എസ്. ജി. ഡി. പ്രിൻസിപ്പൽ സെക്രട്ടറി, ഫോറസ്റ്റ് സെക്രട്ടറി ഉൾപ്പെടെ മൂന്നംഗ കമ്മറ്റിയെ സെക്രട്ടറി ലെവലിൽ ഗവൺമെന്റ് ചുമതലപ്പെടുത്തി. അവർ വിശദമായ ചർച്ചകൾക്കും പരിശോധനകൾക്കും ശേഷം ഇപ്പോൾ റിപ്പോർട്ട് ഗവൺമെന്റിന് തന്നിട്ടുണ്ട്. ആ റിപ്പോർട്ട് ഗവൺമെന്റ് പരിശോധിച്ചുകൊണ്ടിരിക്കുകയാണ്. മന്ത്രിസഭ അതുസംബന്ധിച്ച് ഏറ്റവും വേഗത്തിൽ തീരുമാനമെടുക്കുമ്പോൾ സംശയങ്ങൾക്കൊന്നും പിന്നെ കാരണമില്ല. പൂർണ്ണമായും നോട്ടിഫൈ ചെയ്യേണ്ട ഭൂമി നോട്ടിഫൈ ചെയ്യും.

ശ്രീ. അൽഫോൺസ് കണ്ണന്താനം : സർ, ലാന്റ് ബോർഡ് അവാർഡ് വരുമ്പോൾ ഇവിടെ ഇരിക്കുന്ന മിക്കവാറും ആളുകൾ സ്കൂളിലായിരുന്നു, ഞാൻ കോളേജിലായിരുന്നു. 36 വർഷം മൂന്നാറിൽ നടന്നിരിക്കുന്നത് നമുക്ക് നാണക്കേടാണ്. ഇതിനെ ഒരു അവസാന ഘട്ടത്തിലെത്തിക്കാൻ വേണ്ടി അങ്ങ് ഇപ്പോൾ ആത്മാർത്ഥമായി ശ്രമിക്കുന്നുണ്ടെന്ന് പറഞ്ഞു. സാറ്റലൈറ്റ് ഇമേജറി, ഏരിയാ സർവ്വേ ഒക്കെ ഉപയോഗിക്കുമെന്ന് അങ്ങ് പറഞ്ഞു. ചരിഞ്ഞുകിടക്കുന്ന സ്ഥലത്ത് സാറ്റലൈറ്റ് ഇമേജറി കൊണ്ടോ ഏരിയാ സർവ്വേ കൊണ്ടോ നമുക്ക് സ്ഥലം നിർണ്ണയിക്കാൻ പറ്റില്ല. നമുക്ക് അതിന്റെ ലാന്റ് യൂസ് മാത്രമേ നിർണ്ണയിക്കാൻ സാധിക്കുകയുള്ളു. ടോട്ടൽ സ്റ്റേഷൻ വച്ച് സർവ്വേ ചെയ്തെങ്കിൽ മാത്രമേ നടക്കുകയുള്ളു. എത്ര ടോട്ടൽ സ്റ്റേഷൻസാണ് അവിടെ നിയോഗിച്ചിരിക്കുന്നത്; എന്നുകൊണ്ട് തീർക്കും; ഈ ഗവൺമെന്റിന്റെ കാലാവധി തീരുന്നതിനുമുമ്പ് ഈ സർവ്വേ പൂർത്തിയാക്കാൻ സാധിക്കുമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : ശ്രീ. അൽഫോൺസ് കണ്ണന്താനം അവിടെ സബ് കളക്ടറായിരുന്ന വ്യക്തികൂടിയാണ്. അതിനെക്കുറിച്ച് അദ്ദേഹത്തിനറിയാം. അദ്ദേഹം പറഞ്ഞത് ശരിയാണ്. പഴയ കഡാസ്ട്രൽ മാപ്പാണ് അതിന്റെ അടിസ്ഥാനം. ഇപ്പോൾ ഗവൺമെന്റ് ഓഫ് ഇന്ത്യയുടെ സഹായത്തോടുകൂടി ജിയോ പൊസിഷനിംഗ് സിസ്റ്റം (ജി.പി.എസ്), ഇലക്ട്രോണിക് ടോട്ടൽ സ്റ്റേഷൻ (ഇ.ടി.എസ്.) തുടങ്ങിയ ഏറ്റവും ശാസ്ത്രീയമായ, ഉയർന്ന സാങ്കേതിക വിദ്യയും ഉപയോഗപ്പെടുത്തിക്കൊണ്ട് അതിനെ ബെയ്സ് ചെയ്ത് കഡാസ്ട്രൽ മാപ്പും സെസ്സിന്റെ സർവ്വേ ഉൾപ്പെടെ ബന്ധപ്പെടുത്തിക്കൊണ്ടാണ് ചെയ്യുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ഇക്കാര്യത്തിൽ വലിയ താമസമുണ്ടാകുന്ന പ്രശ്നമില്ല. ടാറ്റ കൊടുത്ത കേസിൽ ഹൈക്കോടതി സ്റ്റേ വന്നതുകൊണ്ടാണ് കാലതാമസം വന്നത്. ഏതാണ്ട് പൂർത്തിയായി വരികയാണ്.

ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി : സർ, മൂന്നാറിൽ വനവൽക്കരണത്തിനായി റവന്യൂ വകുപ്പ് ടാറ്റയിൽനിന്നും ഏറ്റെടുത്ത ഭൂമി 30 വർഷങ്ങൾ കഴിഞ്ഞിട്ടും വനം വകുപ്പിന് കൈമാറിയിട്ടില്ലെന്നും ഈ ഭൂമിയിൽനിന്നും 571 ഏക്കർ ഭൂമി നഷ്ടപ്പെട്ടുവെന്നും വാർത്തകൾ നിരന്തരമായി വന്നുകൊണ്ടിരിക്കുകയാണ്. ഇതിനെക്കുറിച്ച് എന്തെങ്കിലും പരിശോധിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്താമോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, 1980-ൽ ഗവൺമെന്റ് ഇറക്കിയ ഉത്തരവനുസരിച്ച് ഈ ഭൂമി ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റിന് കൈമാറി. ഫോറസ്റ്റ് ഡിപ്പാർട്ട്മെന്റ് അതിൽ കുറേ സ്ഥലത്ത് വനവൽക്കരണം നടത്തിയിട്ടുണ്ട്. എന്നാൽ റിസർവ്വ് വനമായി നോട്ടിഫൈ ചെയ്യുന്നതിലാണ് കാലതാമസം വന്നത്. പത്തുമുപ്പത് വർഷത്തിലേറെ കാലതാമസം വന്നതിന്റെ ചില പ്രതിസന്ധികളാണ് ശ്രീ. കെ. കുട്ടി അഹമ്മദ് കുട്ടി ഇവിടെ സൂചിപ്പിച്ചത്. അതിന്റെ അടിസ്ഥാനത്തിലാണ് ഇതുമായി ബന്ധപ്പെട്ട് ആധികാരികമായി പഠിച്ച് അഭിപ്രായം പറയാൻ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയം ഒരു നാലംഗ സെൻട്രൽ ടീമിനെ അയച്ചത്. അവർ കളക്ടറുമായും ഗവൺമെന്റ് സെക്രട്ടറിമാരുമായി ചർച്ച നടത്തി, ഗവൺമെന്റ് ഓഫ് ഇന്ത്യയ്ക്ക് റിപ്പോർട്ട് സമർപ്പിച്ചു. അത് സുപ്രീം കോടതിയുടെ എംപവേഡ് കമ്മിറ്റിയുടെ മുമ്പാകെ വന്നു. എംപവേഡ് കമ്മിറ്റി ചില നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. ഇതൊക്കെ വച്ചുകൊണ്ട് ഏറ്റവും നിയമാനുസൃതമായി നമുക്ക് അവിടെ നോട്ടിഫൈ ചെയ്യേണ്ട വനം എത്രയുംവേഗം റിസർവ്വ് വനമായി പ്രഖ്യാപിക്കണം. അത് ഈ ഗവൺമെന്റ് ചെയ്യുമ്പോൾ നമുക്കൊന്നിച്ച് അതിൽ അഭിമാനിക്കാം.

ശ്രീ. പി. വിശ്വൻ : സർ, അങ്ങയുടെ മറുപടി സന്തോഷത്തോടെയാണ് ഞങ്ങൾ കേൾക്കുന്നത്. കേരള നിയമസഭയുടെ പത്താം സമ്മേളനത്തിലെ അഷ്വറൻസ് കമ്മിറ്റിയിലെ അംഗമായിരുന്നു ഞാൻ. കൂടാതെ ആ കമ്മിറ്റിയിൽ ബഹുമാനപ്പെട്ട ഡെപ്യൂട്ടി സ്പീക്കർ, ശ്രീ. കെ. പി. വിശ്വനാഥൻ എന്നിവരുമുണ്ടായിരുന്നു. ശ്രീ. നാലകത്ത് സൂപ്പിയായിരുന്നു അതിന്റെ ചെയർമാൻ. ആ റിപ്പോർട്ടനുസരിച്ചുതന്നെ ടാറ്റയുടെ കയ്യിൽ ഇത്ര ഏക്കർ ഭൂമിയുണ്ടെന്നുള്ളത് രേഖപ്പെടുത്തിയിട്ടുണ്ട്. ആ അഷ്വറൻസ് കമ്മിറ്റി റിപ്പോർട്ട് കൃത്യമായി അംഗീകരിച്ചുകൊണ്ടുതന്നെ സർവ്വേ പൂർത്തിയാക്കാൻ അങ്ങയുടെ കാലയളവിനുള്ളിൽത്തന്നെ നടപടികൾ എടുക്കുമോ ? ആ നടപടികളിലൂടെ കേരളീയ സമൂഹം കൃത്യമായും ഈ സർക്കാരിനെ അംഗീകരിക്കുമെന്നുള്ളത് ഞാൻ ഉറപ്പിച്ച് പറയാനും തയ്യാറാവുകയാണ്.

ശ്രീ. കെ. പി. രാജേന്ദ്രൻ : സർ, ഞാൻ നേരത്തേ സൂചിപ്പിച്ചതാണ്. ചോദ്യത്തിന് ഉത്തരം പറയാതിരുന്നതല്ല. വനവുമായി ബന്ധപ്പെട്ട കുറേ വിഷയങ്ങളാണ് ഇവിടെ ചോദിക്കുന്നത്. റവന്യൂ വകുപ്പുമന്ത്രിയെന്ന നിലയിൽ

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെന്റിന്റെ ഭൂമി സംബന്ധിച്ച കാര്യങ്ങളെ സംബന്ധിച്ച് ഗവൺമെന്റിന്റെ മുന്നിലുള്ള കാര്യങ്ങളാണ് ഞാൻ സൂചിപ്പിക്കുന്നത്. വനം വകുപ്പിന്റെ കയ്യിൽ കൊടുത്ത 17922 ഏക്കർ ഭൂമി 1980-ൽ കൈമാറിയതാണ്. അതിൽനിന്നാണ് പിന്നീട് എച്ച്.എൻ.എൽ.നൊക്കെ കൊടുത്തത്. ആ ഭൂമിയിലാണ് യൂക്കാലിപ്റ്റസൊക്കെ നട്ടുപിടിപ്പിച്ചിരിക്കുന്നത്. അതിന്റെയൊക്കെ ഭാഗമായിട്ടുള്ള ഭൂമിയാണ്. ഞാൻ സൂചിപ്പിച്ചത്, ഇതിന് പുറമേയാണ് മാങ്കുളത്ത് റിസർവ്വ് വനമായി പ്രഖ്യാപിച്ചും അതിനുശേഷം നീലക്കുറിഞ്ഞിക്കുവേണ്ടി നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചും മറ്റുമുള്ള നടപടികളുമായി മുന്നോട്ടുപോയത് ഈ ഗവൺമെന്റല്ലേ ? അപ്പോൾ വനമായി സംരക്ഷിക്കപ്പെടേണ്ടത് വനമായി സംരക്ഷിക്കണം, അതിനുള്ള നിയമാനുസൃത നടപടിയാണ് ഗവൺമെന്റ് കൈക്കൊണ്ടത്. ചോദ്യത്തിനുത്തരം പറയാതിരിക്കുന്നതല്ല.

<u>ശ്രീ. എം. മുരളി</u> : സർ, അങ്ങയുടെ വാദം ശരിയാണെങ്കിൽ അങ്ങ് റവന്യൂ വകുപ്പുമന്ത്രിയായശേഷം 2006 ജൂൺ 6-നും 2008 ഡിസംബർ 19-നും അഡീഷണൽ ചീഫ് സെക്രട്ടറി ലോകായുക്തയിൽ കൊടുത്ത സത്യവാങ്മൂലത്തിൽ ലാന്റ് ബോർഡ് ഉത്തരവുപ്രകാരം കൈവശം വയ്ക്കാവുന്ന ഭൂമിയേക്കാൾ കുറവാണ് ടാറ്റാ ടീക്ക് സ്വന്തമായുള്ള ഭൂമി എന്നും ലാന്റ് ബോർഡ് ഉത്തരവു പ്രകാരം കമ്പനിക്ക് നിലനിർത്തിക്കൊടുത്തിരിക്കുന്ന ആകെ സ്ഥലത്തിൽ 278 ഹെക്ടർ 687 ഏക്കർ കുറവുള്ളതായും കാണുന്നു എന്ന് സ്റ്റേറ്റ്മെന്റ് കൊടുത്തിരിക്കുന്നു. അഡീഷണൽ ചീഫ് സെക്രട്ടറിയുടെ ആ സത്യവാങ്മൂലം അങ്ങ് അറിഞ്ഞുകൊണ്ടാണോ; അല്ലെങ്കിൽ ഇപ്പോഴത്തെ സാഹചര്യത്തിൽ എന്ത് നടപടി സ്വീകരിക്കും ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, ഈ അവ്യക്തതകളൊക്കെ വന്നത്, ഇത് സർവ്വേ അതിരടയാള ആക്ടിലെ സെക്ഷനനുസരിച്ച് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണം. ആ നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കുന്നതിനുമുമ്പായി ചില നടപടിക്രമങ്ങളുണ്ട്. ആ സന്ദർഭത്തിൽ ഇതിനുമുമ്പ് രണ്ടുമൂന്ന് പ്രാവശ്യം 1975, 1980, 1990-കളിലൊക്കെ ഇതിന്റെ സർവ്വേ നടന്നല്ലോ, ആ സന്ദർഭത്തിൽ നടന്ന സർവ്വേ ശരിയാകാത്തതുകൊണ്ടാണ് അതിന്റെ ഫൈനൽ നോട്ടിഫിക്കേഷൻ വരാതിരുന്നത്. ലോകായുക്തയിൽ അങ്ങനെ സത്യവാങ്മൂലം കൊടുത്തിട്ടുണ്ടെങ്കിൽ ഞാൻ അത് പരിശോധിക്കാം. ടാറ്റയുടെ കയ്യിൽ ഭൂമി കുറവാണെന്ന അഭിപ്രായമല്ല ഗവൺമെന്റിനുള്ളത്. അത് പൂർണ്ണമായും അളന്നുതിരിച്ച് എത്രയാണ് കൂടുതലുള്ളതെന്നുവച്ചാൽ തിരിച്ചെടുക്കണം.

<u>ശ്രീ. എസ്. രാജേന്ദ്രൻ</u> : സർ, അങ്ങ് ഇവിടെ ഉത്തരം പറയുമ്പോൾ ലാന്റ് ബോർഡ് അവാർഡനുസരിച്ച് 137000 ഏക്കറിൽ 2611 ഏക്കർ സർക്കാർ ഭൂമിയായി പൊതുജനാവശ്യത്തിന് മാറ്റിവച്ചതായും അതുപോലെ തന്നെ 17922 ഏക്കർ ഫോറസ്റ്റിനും 70522 ഏക്കർ അളന്നു തിട്ടപ്പെടുത്തിയ ശേഷം ഫോറസ്റ്റിനോ മറ്റ് ഉപയോഗത്തിനോ വിനിയോഗിക്കാവുന്നതാണെന്നും ഇവിടെ പറയുകയുണ്ടായി. എന്റെ ചോദ്യം 17922 ഏക്കറായി പറയപ്പെടുന്ന എക്സ്റ്റെന്റഡ് ലാന്റ് അളന്ന് തിട്ടപ്പെടുത്തപ്പെടുകയോ അഥവാ നേരത്തേ നോട്ടിഫൈ ചെയ്തിരിക്കുന്ന ഇരവികുളം പാർക്കിലും മാങ്കുളം നോട്ടിഫൈഡ്

LIBRARY ARCHIVES Kerala Legislative Assembly

ഏരിയയിലുമുള്ള ഭൂമി വീണ്ടും കയറിവരുകയോ ചെയ്തിട്ടുണ്ടോ എന്ന് പരിശോധിച്ചിട്ടുണ്ടോ ; കമ്പനിയുടെ ഭൂമി കമ്പനി ഉപയോഗത്തിനും സർക്കാർ ഭൂമി സർക്കാരിനും ഫോറസ്റ്റിന്റെ ഭൂമി ഫോറസ്റ്റിനും ലഭ്യമാകുന്നതിന് ഉചിതമായ നിലപാട് സ്വീകരിക്കുമോ ; മൂന്നാർ പട്ടണത്തിൽ 20 ഏക്കറിൽ താമസിക്കുന്ന പതിനായിരക്കണക്കിന് ആളുകൾക്ക് പട്ടയം കൊടുക്കാനുള്ള നടപടി ഗവൺമെന്റ് സ്വീകരിക്കുമോ ?

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, ലാന്റ് ബോർഡ് അവാർഡ് 1974-ൽ വന്നശേഷം ഡോക്ടർ ദേവസ്യ കമ്മീഷനെ വച്ചു. അവർ കൃത്യമായി ഭൂമി വിനിയോഗത്തിന്റെ പാറ്റേൺ ഒക്കെ നിശ്ചയിച്ച് ജി. ഒ. ഇറങ്ങിയിട്ടുള്ളതാണ്. അതിൽ കുറേ ഭൂമി അവിടെ താമസിക്കുന്നവർക്ക് അസൈൻ ചെയ്ത് കൊടുക്കണമെന്ന് തീരുമാന മുള്ളതാണ്. സമയക്കുറവുകൊണ്ട് ഞാൻ അതിന്റെ കണക്ക് പറയുന്നില്ല. പക്ഷേ അസൈൻ ചെയ്ത് കൊടുക്കുന്നതിൽ കാലതാമസം വന്നു എന്നതിൽ ഒരു കാര്യം മനസ്സിലാക്കണം, അതാണ് ശ്രീ. എസ്. രാജേന്ദ്രൻ ഇവിടെ ചൂണ്ടിക്കാണിച്ചത്. ആയിരക്കണക്കിന് ആളുകൾക്ക് അവിടെ കയറി കിടക്കാൻ കിടപ്പാടമില്ലാതെ ഒരു അനാഥ സ്ഥിതിയല്ലേ ? അതിനുകൂടി ഗവൺമെന്റ് ഇപ്പോൾ പരിഹാരമുണ്ടാക്കുന്നു എന്നതാണ് ഇതിൽ പ്രത്യേകമായി ഞാൻ ചൂണ്ടിക്കാണിക്കുന്നത്. ജി. ഒ. എന്നുപറയുമ്പോൾ ഇതെല്ലാം കൂടി ബന്ധപ്പെട്ടതാണ്.

<u>ശ്രീ. ജോസഫ് എം. പുതുശ്ശേരി</u> : സർ, അങ്ങ് മറുപടി പറഞ്ഞപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രി തിരുവനന്തപുരത്തുനിന്ന് മൂന്നാറിൽ പോയി ബോർഡ് സ്ഥാപിച്ച് പിടിച്ചെടുത്ത ഭൂമി ടാറ്റയുടെ ഭൂമിയാണെന്ന് ഇപ്പോൾ ഇവിടെ വ്യക്തമാക്കുകയുണ്ടായി. എന്നാൽ ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിതന്നെ സഭയിൽ എനിക്ക് രേഖാമൂലം നൽകിയ മറുപടിയിൽ മുഖ്യമന്ത്രി ബോർഡ് സ്ഥാപിച്ച് ടാറ്റായുടേതെന്ന് പറഞ്ഞ് പിടിച്ചെടുത്ത സ്ഥലം സർക്കാർ ഭൂമി തന്നെയായിരുന്നുവെന്നാണ് പറഞ്ഞിട്ടുള്ളത്. ഈ രണ്ട് മറുപടികളിൽ ഏതാണ് ശരിയെന്ന് അങ്ങ് വ്യക്തമാക്കണം.

<u>ശ്രീ. കെ. പി. രാജേന്ദ്രൻ</u> : സർ, ഇത് നേരത്തെ ചോദിച്ചതാണ്. ഇനി ചോദിച്ച് കൂടുതൽ അവ്യക്തതകൾ ഉണ്ടാക്കരുത്. അവിടെ പത്തുമുപ്പത്തിയാറ് ബോർഡുകൾ സ്ഥാപിച്ചിരുന്നു. ആ സ്ഥാപിച്ച ബോർഡുകളൊക്കെ നീക്കം ചെയ്ത് ഗവൺമെന്റിൽ നിക്ഷിപ്തമാക്കേണ്ട ഭൂമി നിക്ഷിപ്തമാക്കി. അതിന് ഒരു നേതൃത്വപരമായ പങ്ക് മുഖ്യമന്ത്രി വഹിച്ചതിനെ ഈ രീതിയിൽ ആക്ഷേപിക്കേണ്ട കാര്യമില്ല.

<u>ശ്രീ. കെ. കെ. ജയചന്ദ്രൻ</u> : സർ, ടാറ്റയുടെ ഭൂമിയെ സംബന്ധിച്ച് അളന്നുതിരിച്ച് കല്ലിടുന്നതോടുകൂടി മാത്രമേ വ്യക്തതയുണ്ടാവുകയുള്ളു എന്ന് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പറയുകയുണ്ടായി. എന്റെ ചോദ്യം 17922 ഏക്കർ വനമായി പ്രഖ്യാപിക്കാൻ ഇപ്പോൾ തയ്യാറാക്കിയിരിക്കുന്ന ഭൂമിയുടെ മാപ്പിൽ ഇരവികുളം പാർക്കായി പ്രഖ്യാപിച്ചിരിക്കുന്ന പ്രദേശത്തെയ്ക്ക് ഡബിൾ എൻട്രി എന്നുള്ള നിലയിൽ കയറിപ്പോയിട്ടുണ്ടോ ; അതോടൊപ്പം തന്നെ ടാറ്റാ കൈവശം വച്ചിരിക്കുന്ന യഥാർത്ഥ ഭൂമിയിലേക്ക് പ്രവേശിക്കാൻ

LIBRARY ARCHIVES Kerala Legislative Assembly

സഹായകരമാകുന്ന രൂപത്തിലാണോ ഇത് പ്ലാൻ ചെയ്തിരിക്കുന്നത് ; എന്നുള്ളത് വിശദമായി പരിശോധിക്കപ്പെട്ടിട്ടുണ്ടോ ?

ശ്രീ. കെ. പി. രാജേന്ദ്രൻ : പ്രിലിമിനറിയായി ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ് തയ്യാറാക്കിയ കണക്ക് വിശദമായി പരിശോധിക്കാനാണ് ഗവൺമെന്റിന്റെ എൽ.എസ്.ജി.ഡി. സെക്രട്ടറി കൂടി അംഗമായ മൂന്നംഗ കമ്മിറ്റിയെ വച്ചത്. പിന്നീട് നോട്ടിഫിക്കേഷൻ വരുമ്പോൾ അവിടെ ഒരു ബുദ്ധിമുട്ട് ഉണ്ടാകരുത്. വളരെ വേഗത്തിൽ തന്നെ നോട്ടിഫിക്കേഷൻ വരും. അപ്പോൾ ഈ സംശയങ്ങൾ മാറും.

വിദ്യാഭ്യാസ വകുപ്പിലെ ഇ-ഗവേണൻസ്

2 (*392) ശ്രീ. മുരളി പെരുനെല്ലി :
ശ്രീ. ബാബു എം. പാലിശ്ശേരി :
ശ്രീ. എം. ചന്ദ്രൻ :
ശ്രീമതി കെ. എസ്. സലീഖ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാന വിദ്യാഭ്യാസ വകുപ്പിന് പ്രവർത്തന മികവിന്റെ പേരിൽ കേന്ദ്ര സർക്കാർ പുരസ്ക്കാരം ലഭിച്ചിട്ടുണ്ടോ ; എങ്കിൽ വിശദമാക്കുമോ ;

(ബി) വിദ്യാഭ്യാസ വകുപ്പിൽ ഇ-ഗവേണൻസ് സംരംഭങ്ങൾ കാര്യക്ഷമമാക്കാൻ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ ;

(സി) ഇ-ഗവേണൻസ് ഏതെല്ലാം മേഖലകളിലാണ് നടപ്പാക്കിയത് ;

(ഡി) സംസ്ഥാന സ്ക്കൂൾ കലോൽസവം, ഉച്ചഭക്ഷണ പരിപാടിയുടെ നിർവ്വഹണം എന്നിവയ്ക്ക് ഇ-ഗവേണൻസ് സംവിധാനം പ്രയോജനപ്പെടുത്തിയിട്ടുണ്ടോ ;

(ഇ) സ്ക്കൂളുകളിൽ ബ്രോഡ്ബാന്റ് ഇന്റർനെറ്റ് കണക്ഷൻ നൽകുന്ന പദ്ധതിയുടെ പുരോഗതി വ്യക്തമാക്കുമോ ?

വിദ്യാഭ്യാസവും സാംസ്കാരികകാര്യവും വകുപ്പുമന്ത്രി (ശ്രീ. എം. എ. ബേബി) : സർ,

(എ) താഴെപ്പറയുന്ന പുരസ്ക്കാരങ്ങൾ ലഭിച്ചിട്ടുണ്ട്.

1. 2006-ൽ ദേശീയ ഇ-ഗവേണൻസ് പുരസ്കാരം.

2. 2008-ൽ ഡിജിറ്റൽ ലേണിംഗ് വിഭാഗത്തിൽ ഇന്ത്യയിലെ മികച്ച സർക്കാർ ഐ.റ്റി. സംരംഭത്തിനുള്ള 'ഇ-ഇന്ത്യ 2008' അവാർഡ്.

3. ഏകജാലക സംവിധാനത്തിന് നാഷണൽ ഇ-ഗവേണൻസ് അവാർഡ്-2009.

LIBRARY ARCHIVES Kerala Legislative Assembly